# തലശ്ശേരി അതിരൂപത
## വിശ്വാസപരിശീലനകേന്ദ്രം
## ക്രിസ്മസ് പരീക്ഷ 2018-2019

| | |
|---|---|
| ക്ലാസ്സ് : V | സമയം : 2 മണിക്കൂർ |
| തീയതി : 09-12-2018 | മാർക്ക് : 70 |

**പദപ്പെട്ടിയിൽനിന്നും ശരിയായ ഉത്തരം എടുത്തെഴുതുക** 5

ജോഷ്വാ, ഇസ്രായേൽ, സഭ, വാഗ്ദാനപേടകം, പ്രമാണങ്ങൾ

1. ദൈവസാന്നിധ്യത്തിന്റെ അടയാളം.
2. പുതിയ ഇസ്രായേൽ.
3. മോശയുടെ പിൻഗാമി.
4. സ്നേഹമുള്ള ദൈവപിതാവ് തന്റെ മക്കൾക്ക് ശ്രദ്ധാപൂർവ്വം നല്കിയ സമ്മാനം.
5. ഒരു സമൂഹമെന്ന നിലയിൽ ദൈവം വഴിനടത്തിയ ജനത.

**എ – ബിയോട് ചേർക്കുക** 5

| | | |
|---|---|---|
| 6. | മാറാ | - ഉടമ്പടി |
| 7. | വി. ഡോൺബോസ്കോ | - കടന്നുപോകൽ |
| 8. | വി. ജോൺ ബർക്കുമൻസ് | - കയ്പ്പുള്ള ജലം |
| 9. | പെസഹാ | - ഈശോ സഭ |
| 10. | സീനായ് മല | - സലേഷ്യൻ സഭ |

**ഒറ്റവാക്കിൽ ഉത്തരം എഴുതുക** 5

11. 'മാറാനാത്ത' എന്ന അറമായ വാക്കിന്റെ അർത്ഥം?
12. കേരളത്തിൽ പാവങ്ങളുടെ പിതാവ് എന്നറിയപ്പെടുന്ന മെത്രാൻ?
13. തീർത്ഥാടകനായ പാപ്പ എന്നറിയപ്പെടുന്ന മാർപാപ്പ?
14. ഗോവയിൽ സൂക്ഷിച്ചിരിക്കുന്ന അഴുകാത്ത ശരീരം ഏത് വിശുദ്ധന്റേതാണ്?
15. ചെറുപുഷ്പ മിഷൻലീഗിന്റെ മുദ്രാവാക്യം എന്ത്?

**ശരിയോ, തെറ്റോ എന്നെഴുതുക** **5**

16. ജ്ഞാനത്തിന്റെ ആത്മാവ് ജോഷ്വായുടെ മേൽ ഉണ്ടായിരുന്നു.
17. മോശയുടെ നിയമത്തിന്റെ രത്നചുരുക്കമാണ് തിരുസ്സഭയുടെ കല്പനകൾ.
18. വി. കുർബാനയുടെ പ്രത്യേക ഭക്തനായിരുന്നു വി. ജോൺ ബർക്കുമൻസ്.
19. മോശയെപ്പോലെ കർത്താവ് മുഖാഭിമുഖം സംസാരിച്ച മറ്റൊരു പ്രവാചകൻ ഇസ്രായേലിൽ പിന്നീട് ഉണ്ടായിട്ടില്ല.
20. ഹോറെബ് മലയിൽ വെച്ച് ദൈവം ഇസ്രായേലുമായി ഉടമ്പടി ചെയ്തു.

**സംഭവങ്ങൾ ക്രമത്തിലെഴുതുക (വാക്യത്തെക്കുറിക്കുന്ന നമ്പർ ക്രമത്തിലെഴുതിയാൽ മതി)** **5**

21. എ) അഹറോൻ വടി ഫറവോയുടെയും സേവകരുടേയും മുമ്പിലിട്ടപ്പോൾ അത് സർപ്പമായി.
    ബി) തങ്ങളുടെ മാന്ത്രിക വിദ്യയാൽ ഈജിപ്തിലെ മന്ത്രവാദികളും അപ്രകാരം ചെയ്തു.
    സി) എന്നാൽ അഹറോന്റെ വടി അവരുടെ വടികളെ വിഴുങ്ങിക്കളഞ്ഞു.
    ഡി) അപ്പോൾ ഫറവോ വിജ്ഞൻമാരെയും മന്ത്രവാദികളെയും വിളിച്ചു വരുത്തി.
    ഇ) അവർ ഓരോരുത്തരും തങ്ങളുടെ വടികൾ നിലത്തിട്ടപ്പോൾ അവ സർപ്പങ്ങളായി മാറി.

**ബൈബിൾ ഉദ്ധരണി പൂർത്തിയാക്കുക** **4**

22. ഞാൻ തന്നെ നിന്നോടുകൂടെ ...................... നല്കുകയും ചെയ്യും (പുറപ്പാട് 33:14).
23. കർത്താവാണ് ...................... നിന്നോടു കൂടെ ഉണ്ടായിരിക്കും (നിയമാവർത്തനം 31:8).

**ഉത്തരം എഴുതുക**

24. ഈജിപ്തിൽ നിന്ന് പുറപ്പെട്ട ഇസ്രായേൽ ജനത്തെ രാവും പകലും കർത്താവ് വഴി നടത്തിയതെങ്ങനെ? **2**
25. സ്വർഗ്ഗത്തിൽ എത്തിച്ചേരാൻ ദൈവകല്പനകൾ നമ്മെ സഹായിക്കുന്നതെങ്ങനെ? **3**
26. വി. ഡോൺബോസ്കോയുടെ സന്ദേശം എഴുതുക? **3**
27. പഴയനിയമജനതയുടെ ചരിത്രം നമുക്ക് നൽകുന്ന സന്ദേശമെന്ത്?**3**
28. സഭയിൽ എത്ര തരം കല്പനകൾ ഉണ്ട്? ഏതെല്ലാം? **3**
29. ഉടമ്പടിയുടെ ജനത്തിന്റെ പ്രത്യേകതകൾ ഏവ? **4**
30. വിശുദ്ധിയിൽ വളരുവാൻ വി. ജോൺ ബർക്കുമൻസ് തെരഞ്ഞെടുത്ത മാർഗ്ഗങ്ങൾ ഏതെല്ലാം? ഇവ നിങ്ങളുടെ ജീവിതത്തിൽ എങ്ങനെ അനുകരിക്കും? **4**
31. പഴയനിയമത്തിലെയും പുതിയനിയമത്തിലെയും പെസഹാ ആചരണങ്ങൾ അർത്ഥമാക്കുന്നതെന്ത്? **4**
32. കുമ്പസാരത്തിനുള്ള ജപം എഴുതുക? **5**
33. ഈജിപ്തിന്റെ അടിമത്തത്തിൽ നിന്ന് ഇസ്രായേൽ ജനതയെ മോചിപ്പിക്കുന്നതിനായി ദൈവം അയച്ച പത്ത് ബാധകൾ ഏതെല്ലാം? **5**
33. ഇസ്രായേൽക്കാരുടെ മരുഭൂമിയാത്ര നമുക്കു നല്കുന്ന പാഠം എന്ത്? **5**